**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1583 — 18.6.2012 ൽ മറുപടിയ്ക്ക്

**ദുരിതാശ്വാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എ. എം. ആരിഫ് | | ശ്രീ. ഉമ്മൻ ചാണ്ടി (ബഹു. മുഖ്യമന്ത്രി) |
| (എ) | പ്രകൃതി ക്ഷോഭമല്ലാതെ വൈദ്യുതി ഷോർട്ട് സർക്യൂട്ടോ മറ്റ് കാരണങ്ങളാലോ വീട് കത്തി പോകുന്നവർക്ക് ദുരിതാശ്വാസ നിധിയിൽ നിന്നും യാതൊരു സഹായവും ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | തീപിടുത്തം മൂലം വാസഗൃഹങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷയില്ലാത്ത ചെറുകിട കച്ചവട സ്ഥാപനങ്ങൾക്കും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് 28.1.2012 ലെ ജി.ഒ. (എം.എസ്)നമ്പർ:34/12/റവ. പ്രകാരം 10,000/- രൂപ നിബന്ധനങ്ങൾക്ക് വിധേയമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായമായി അനുവദിച്ചു നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഭാഗക്കാർക്ക് ജീവിക്കുവാൻ നിർവ്വാഹമില്ലാത്ത സാഹചര്യത്തിൽ എന്തെങ്കിലും സഹായ പദ്ധതികൾ ആരംഭിക്കുവാൻ തയ്യാറാകുമോ ; | (ബി) | ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | പ്രത്യേക പരിഗണന അർഹിക്കുന്ന വിഷയങ്ങളിൽ ക്യാബിനറ്റ് തീരുമാനപ്രകാരം സഹായം ലഭ്യമാക്കുമോ ? | (സി) | പ്രത്യേക പരിഗണന അർഹിക്കുന്ന കേസുകൾ അത്തരത്തിൽ പരിഗണിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ